(ഇ) പ്രസ്തുത അപാകതകൾ പരിഹരിക്കാൻ ഇനി എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ) 31-12-2005-ലെ കണക്കുപ്രകാരം കേരളത്തിൽ 6711282 റേഷൻ കാർഡുടമകൾ ഉണ്ട്.

(ബി) ദാരിദ്ര്യരേഖയ്ക്ക് താഴെ ഉള്ളവരായ (ബി.പി.എൽ.) കാർഡുടമകൾ 2041464-ഉം ദാരിദ്ര്യരേഖയ്ക്കു മുകളിലുള്ളവരായ (എ.പി.എൽ.) കാർഡുടമകൾ 4669818-ഉം ആണ്.

(സി) ഉണ്ട്.

(ഡി) അപാകതകൾ പരിഹരിക്കുന്നതിനായി ബി.പി.എല്ലിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ വിവരം ശേഖരിച്ച് അനർഹരെ ഒഴിവാക്കുന്നതിന് 5-1-2006-ലെ സ.ഉ.(സാ) നം. 4/06 ക്ഷേമ സിവിൽ സപ്ലൈസ് ഉപഭോക്തൃവകുപ്പ് പ്രകാരം മാർഗരേഖകൾ നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഇ) ബി.പി.എൽ. കാർഡുടമകളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനായി ഒരു സത്യപ്രസ്താവന ഫാറം തയ്യാറാക്കി എല്ലാ ബി.പി.എൽ. കാർഡുടമകൾക്കും വിതരണം ചെയ്ത് അവരെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. പരിശോധനാ ഉദ്യോഗസ്ഥന്മാർ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് അനർഹരെ കണ്ടുപിടിച്ച് ഒഴിവാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനം

25 [*64] ശ്രീ. എൻ. രാജൻ:
,, കെ. പി. രാജേന്ദ്രൻ:
,, പി. എസ്. സുപാൽ:
,, എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ വിദ്യാർത്ഥികളുടെ പ്രവേശനം, ഫീസ്, സംവരണം തുടങ്ങിയ വിഷയങ്ങളിൽ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) മെറിറ്റ് ക്വാട്ടയിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾ ഉയർന്ന ഫീസ് നൽകേണ്ട സ്ഥിതി ഉണ്ടാക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ പട്ടികജാതി/പട്ടികവർഗ സംവരണം ഉൾപ്പെടെ വിദ്യാർത്ഥികളുടെ പ്രവേശനത്തിന് സംവരണതത്വം പാലിക്കുന്നില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സംവരണം നടപ്പിലാക്കാൻ എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ രംഗത്ത് പ്രത്യേക നിയമനിർമ്മാണത്തിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) സംസ്ഥാനത്ത് സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ വിദ്യാർത്ഥികളുടെ പ്രവേശനം, ഫീസ്, സംവരണം തുടങ്ങിയ കാര്യങ്ങൾ 2004-ലെ സെൽഫ് ഫിനാൻസിംഗ് പ്രൊഫഷണൽ കോളേജസ് (പ്രൊഹിബിഷൻ ഓഫ് ക്യാപ്പിറ്റേഷൻ ഫീസ് ആന്റ് പ്രൊസീഡിയർ ഫോർ അഡ്മിഷൻ ആന്റ് ഫിക്സേഷൻ ഓഫ് ഫീസ്) നിയമത്തിലെ വ്യവസ്ഥകൾ കനുസൃതമായാണ് നടപ്പിൽവരുത്തിയിട്ടുള്ളത്. എന്നാൽ ബഹു: സുപ്രീം കോടതിയുടെ ഉത്തരവ് പ്രകാരം (റിട്ട.) ജസ്റ്റിസ് കെ. റ്റി. തോമസ് ചെയർമാനായുള്ള കമ്മിറ്റി നിശ്ചയിക്കുന്ന ഫീസാണ് 2004-05 അദ്ധ്യയനവർഷം മുതൽ സ്വാശ്രയ കോളേജുകളിൽ ബാധകമാക്കിയിട്ടുള്ളത്. 12-8-2005-ലെ ബഹു: സുപ്രീം കോടതിയുടെ ഉത്തരവ് പ്രകാരം സ്വാശ്രയ കോളേജുകളിൽ പ്രവേശനത്തിന് കോട്ട നിശ്ചയിക്കാനോ സംസ്ഥാനത്ത് നിലനിൽക്കുന്ന സംവരണ തത്വങ്ങൾ ബാധകമാക്കാനോ ആവില്ലെന്നു വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2004-ൽ കേരള നിയമസഭ പാസ്സാക്കിയ നിയമം അസാധുവായി സുപ്രീം കോടതി പ്രഖ്യാപിച്ചിട്ടില്ല. ഈ കേസുകൾ ഇപ്പോഴും സുപ്രീം കോടതിയുടെ പരിഗണനയിലാണ്. ഈ കേസുകളിൽ തീരുമാനമുണ്ടാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ പുതിയ നിയമം വേണമോ അതോ, നിലവിലുള്ള നിയമത്തിൽ ഭേദഗതി വരുത്തിയാൽ മതിയാകുമോ എന്ന് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

(ബി) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് ബഹു: സുപ്രീം കോടതിയുടെ ഉത്തരവ് പ്രകാരം ജസ്റ്റിസ് കെ. റ്റി. തോമസ് കമ്മിറ്റി നിശ്ചയിക്കുന്ന ഫീസാണ് ബാധകമാക്കിയിട്ടുള്ളത്. ഗവൺമെന്റ് നിയന്ത്രണത്തിലുള്ള സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ മെറിറ്റ് സീറ്റിൽ പ്രവേശിപ്പിക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് കോളേജുകളിലെ നിരക്കിൽ ഫീസ് 11-7-2005-ലെ (എംഎസ്.) നം. 93/05/ഉ.വി.വ. നമ്പരായുള്ള സർക്കാർ ഉത്തരവ് പ്രകാരം ബാധകമാക്കിയിട്ടുണ്ട്.

(സി) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ ആകെയുള്ള സീറ്റുകളിൽ 50% സീറ്റുകൾ സർക്കാർ വിഹിതമായി കണക്കാക്കുന്നതിന് 2004-ലെ കേരള നിയമത്തിൽ (2004-ലെ 17-ാം നമ്പർ ആക്ട്) വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം നിശ്ചയിക്കപ്പെടുന്ന സീറ്റുകളിൽ പട്ടികജാതി/പട്ടികവർഗക്കാർക്കും പിന്നോക്ക വിഭാഗങ്ങൾക്കും നിലവിലുള്ള സംവരണതത്വം പാലിക്കുന്നുണ്ട്.

(ഡി) കേരളത്തിൽ നിലവിലുള്ള നിയമം അസാധുവായി പ്രഖ്യാപിക്കപ്പെട്ടിട്ടില്ല. സുപ്രീം കോടതിയിൽ നിലവിലുള്ള കേസുകളിൽ ഉണ്ടാകുന്ന വിധിയുടെ അടിസ്ഥാനത്തിൽ ആവശ്യമെങ്കിൽ നിയമനിർമ്മാണം നടത്താവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly